## അനുബന്ധം - എച്ച് 4

### നോട്ടീസ്

ശ്രീ.ഷിയാം ഇ., സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് II, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ, 1960 - ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണനടപടി താങ്കൾക്കെതിരെ സ്വീകരിക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന താങ്കളുടെ പ്രതിവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ താങ്കളോട് നിർദ്ദേശിച്ചുകൊണ്ടുള്ള കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള ചാർജ്ജ് മെമ്മോ 08/01/2025 ലെ എസ്.എച്ച്1/275/2024-പൊ.ഭ.വ നമ്പർ പ്രകാരം 09/01/2025 തീയതിയിൽ ഏറ്റവും ഒടുവിൽ അറിയാവുന്ന താങ്കളുടെ മേൽവിലാസത്തിൽ അറിയിച്ചിരുന്നു. എന്നാൽ താങ്കൾ അത് കൈപ്പറ്റിയെങ്കിലും ഇന്നേ ദിവസം വരെ യാതൊരു വിധത്തിലുള്ള മറുപടിയും താങ്കളിൽ നിന്നും ലഭിച്ചിട്ടില്ലാത്തതാകുന്നു. അതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ നിങ്ങൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് താങ്കളുടെ ലിഖിതമായ പ്രതിവാദ പത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്ത പക്ഷം താങ്കൾക്ക് യാതൊരു പ്രതിവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി കെ.സി.എസ് സി.സി.എ ചട്ട പ്രകാരം തുടർന്നുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. കുറ്റാരോപണങ്ങളുടെ സ്റ്റേറ്റുമെന്റ് സഹിതമുള്ള ചാർജ്ജ് മെമ്മോയുടെ പൂർണ്ണരൂപം നിശ്ചിതകാലാവധിയ്ക്കുമുമ്പ് അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - ൽ നിന്നും ഓഫീസ് പ്രവൃത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ താങ്കളുടെ മേൽവിലാസം നൽകിക്കൊണ്ട് താങ്കൾ നൽകുന്ന അപേക്ഷയിന്മേലോ താങ്കൾക്ക് വാങ്ങാവുന്നതാണ്.

Signed by
Dilip. C. D
Date: 14-05-2025 16:36:18

ദിലീപ്.സി.ഡി
അഡിഷണൽ സെക്രട്ടറി
പൊതുഭരണ വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്

ശ്രീ.ഷിയാം ഇ, (സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് II)
മുഹസീന മൻസിൽ
മുണ്ടേല പി.ഒ, നെടുമങ്ങാട്
തിരുവനന്തപുരം - 695543